**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6733** **21-03-2023 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാലയങ്ങളിൽ ഒന്നാം ക്ലാസ്സിൽ ചേർന്ന കുട്ടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | 2022-23 അധ്യയന വർഷത്തിൽ പൊതുവിദ്യാലയങ്ങളിൽ ഒന്നാം ക്ലാസ്സിൽ ചേർന്ന കുട്ടികളുടെ എണ്ണം എത്രയാണെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ; | (എ) | 2022-23 അധ്യയന വർഷത്തിൽ പൊതുവിദ്യാലയങ്ങളിൽ ഒന്നാം ക്ലാസ്സിൽ ചേർന്ന കുട്ടികളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ആയത് കഴിഞ്ഞ വർഷത്തേക്കാൾ കൂടുതലാണോ; വിശദാംശം അറിയിക്കാമോ; | (ബി) | ആയത് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് കുറവാണ്. 2021-22 നെ അപേക്ഷിച്ച് 2022-23 ൽ ഒന്നാം ക്ലാസ്സിൽ ചേർന്ന കുട്ടികൾ 40918 എണ്ണം കുറവാണ്. |
| (സി) | കുട്ടികളുടെ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ ഈ മേഖലയിൽ എത്ര അധിക തസ്തിക സൃഷ്ടിക്കേണ്ടിവരും; വിശദാംശം അറിയിക്കാമോ; | (സി) | കുട്ടികളുടെ എണ്ണം വർദ്ധിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 2313 സ്കൂളുകളിൽ 6005 അധിക തസ്തിക അനുവദിക്കുന്നതു സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) | കാസർഗോഡ് ജില്ലയിൽ 2022-23 അധ്യയന വർഷത്തിൽ ഒന്നാം ക്ലാസ്സിൽ ഏറ്റവും കൂടുതൽ കുട്ടികൾ ചേർന്ന സർക്കാർ വിദ്യാലയം ഏതാണെന്ന് അറിയിക്കാമോ? | (ഡി) | കാസർഗോഡ് ജില്ലയിൽ 2022-23 അധ്യയന വർഷത്തിൽ ഒന്നാം ക്ലാസ്സിൽ ഏറ്റവും കൂടുതൽ കുട്ടികൾ ചേർന്ന സർക്കാർ വിദ്യാലയം ജി.യു.പി.എസ്. തെക്കിൽ പറമ്പ ആണ്. |

സെക്ഷൻ ഓഫീസർ